S. S. L. C. Examination and the Percentage of Pass

* 1700. [16] **Shri M. C. Abraham** : Will the Minister for Education be pleased to state :

(a) the number of pupils who appeared for the S. S L. C. examination held in this year in this state ;

(b) the percentage of passes in the state level;

(c) whether there is any difference in the percentage of passes between Government Schools and Private Schools; and

(d) if so, what is the reason for the same?

Minister for Education (**Shri Joseph Mundassery**) :

(a) 64,330.

(b) Under the unified scheme 37.4%, under the Madras scheme 61.6%.

(c) Yes.

(d) Poor performance of the students concerned.

ശ്രീ. എം. സി. എബ്രഹാം : പ്രൈവറ്റ സ്കൂളുകളിൽ നിന്നും എത്ര ശതമാനം വിജയിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് തിരിച്ചു വരുത്താൻ കുറെ താമസം ഉണ്ടു്. അതുകൊണ്ടു് അതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ എന്റെ കൈവശം ഇപ്പോഴില്ല.

ശ്രീ. എം. സി. എബ്രഹാം : താമസം വരുമെന്നു പിന്നെ എങ്ങനെയാണു് മന്ത്രിക്കു മനസ്സിലായതു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഞാൻ ഈ വിവരങ്ങൾ കൺസോളിഡേറ്റഡ് ലിസ്റ്റ് വച്ചുകൊണ്ടു് പറഞ്ഞതാണു്. കൃത്യമായിട്ടുള്ള കണക്കല്ല.

ശ്രീ. കെ. എം. ജാർജ് : വിജയശതമാനം ഗവണ്മെന്റ സ്കൂളുകളിലാണോ കൂടുതൽ, അതോ പ്രൈവറ്റ സ്കൂളുകളിലാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതും നോക്കീട്ടില്ല.

ശ്രീ. കെ. എം. ജാർജ് : ഇത്തവണ വിദ്യാർത്ഥികൾക്കു് മോഡറേഷൻ മാർക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സാധാരണ എസ്സ്. എസ്സ്. എൽ. സി. ബുക്കുകൾ തയ്യാറാക്കുമ്പോൾ മോഡറേറ്റു ചെയ്തിട്ടുള്ള മാർക്കുകൂടി അതിൽ കാണും. അതിനുശേഷം ബോർഡു് അംഗീകരിച്ചിട്ടുള്ള മാർക്കിടും.

ശ്രീ. ജോസഫ് പൊടിപ്പാറ : ഇപ്പോഴത്തെ ലിസ്റ്റിനും പുറമെ 15 ശതമാനംകൂടി കൂടുതൽ പാസ്സാക്കുവാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെന്റ കൂടുതൽ മോഡറേഷൻ മാർക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗവണ്മെന്റ ഒന്നും കൊടുക്കുന്നില്ല. ചില കേസ്മാർക്കു് കൊടുക്കുന്നുണ്ടു്. അതിനും പുറമേ ആ കുട്ടിയുടെ ആ കൊല്ലത്തെ പ്രോഗ്രസ്സും കണക്കിലിടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ് : ഇക്കഴിഞ്ഞ വിജയശതമാനത്തിൽ മുന്നിൽ നിൽക്കുന്ന പത്തു സ്കൂളുകൾ എടുത്താൽ അതിൽ പ്രതിപക്ഷവും പ്രൈവറ്റ് സ്കൂളുകളും, താഴെ നിൽക്കുന്ന പത്തു സ്കൂളുകളെടുത്താൽ അതിൽ പ്രതിപക്ഷവും ഗവണ്മെന്റ് സ്കൂളുകളും ആണെന്നു അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിയുകയില്ല. അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : കൂടുതൽ വിജയശതമാനമുള്ള പതിനാറു സ്കൂളുകൾ എടുത്താൽ അതിൽ എട്ടാമത്തെയും, പതിനാറാമത്തെയും സ്കൂളുകൾ മാത്രമേ ഗവണ്മെന്റ് സ്കൂളുകളായി കാണുകയുള്ളു എന്നും, ബാക്കിയുള്ളവ എല്ലാം പ്രൈവറ്റ് സ്കൂളുകളായിരിക്കുമെന്നും ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലബാർ ഭാഗത്തുള്ള, ഹിന്ദി നിർബ്ബന്ധമായി പഠിപ്പിക്കുന്ന ചില സ്കൂളുകളിൽ നിന്നും ചില വിദ്യാർത്ഥികളെ അവരുടെ രക്ഷകർത്താക്കളുടെ സ്ഥലംമാറ്റം കൊണ്ടുംമറ്റും സ്ഥലം വിടേണ്ടി വന്നതിനെത്തുടർന്ന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ വാങ്ങി തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുള്ള ചില സ്കൂളുകളിൽ ചേർത്ത സന്ദർഭത്തിൽ അവിടെ ഹിന്ദി നിർബ്ബന്ധിതമാക്കുവാൻ സാധിക്കാതെ വന്നതുകൊണ്ട് ഈ വിദ്യാർത്ഥികൾ ബുദ്ധിമുട്ടു അനുഭവിക്കുന്നതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി അന്വേഷിക്കാം. അങ്ങനെ ഹിന്ദി പഠിപ്പിക്കുന്നതിനെ ആരെങ്കിലും തടഞ്ഞിട്ടുണ്ടെങ്കിൽ അതിനുവേണ്ട നടപടികളും നടത്താം.

കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*1701. [17] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ ഇപ്പോൾ എത്ര ഉപദേഷ്ടാക്കളും, എത്ര സ്പെഷ്യൽ ആഫീസേഴ്സും, എത്ര അഡ്വൈസറന്മാരും, എത്ര ജോയിന്റ് ഡയറക്ടർമാരും ഉണ്ട്;

(ബി) ഇവർക്കെല്ലാവർക്കുംകൂടി പ്രതിമാസശമ്പളം, അലവൻസ്, ഈ ഇനങ്ങളിൽ എത്ര ചെലവു വരും?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) സ്പെഷ്യലാഫീസർ 1, അഡൈവസർ 1, ജോയിന്റ് ഡയറക്ടർ 3; അഡൈവസർക്ക് ശമ്പളവും അലവൻസും ഇല്ല.

(ബി) 3,260 രൂപ ശമ്പളത്തിനും അലവൻസിനും കൂടി ചെലവാകുന്നുണ്ട്. ഇതിൽ, ഒരു ജോയിന്റ് ഡയറക്ടറുടെ ശമ്പളവും അലവൻസും ഇൻഡ്യാഗവണ്മെന്റ് തരുന്നതാണ്.

ശ്രീമതി കുസുമം ജോസഫ് : ഇപ്പോൾ പ്ലാനിംഗ് അഡൈവസർആയി നിയമിച്ചിരിക്കുന്ന എസ്സ്. വൈ. കൃഷ്ണസ്വാമിയുടെ ശമ്പളം ഇതിൽപ്പെടുമോ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly